⇨ *മുഖ്യമന്ത്രിയെ ചേംബറിൽ ചെന്നുകണ്ട് അദ്ദേഹത്തിന് ഒരു പൂച്ചെണ്ട് കൈമാറുകയും ചെയ്തു* ⇨

# പ്രണയ പരവശയും യുവസാധകനും

തന്നെ കൊല്ലാൻ വന്നതാണെന്ന് കരുതി ഭയന്ന് ആശ്രമത്തിൽ അസ്വാഭാവികമായി പെരുമാറിയ സത്നാം സിംഗ് എന്ന ചെറുപ്പക്കാരനെ പോലീസിന് പിടിച്ചുകൊടുത്ത അമൃതാനന്ദമയിക്ക് നരേന്ദ്ര മോഡിയെപ്പോലെ ഒരാളെ പേടിയില്ലാതെ പുണരാൻ കഴിയുന്നത് എന്തുകൊണ്ടാണ്?

**എസ്. നാരായണൻ**

ബംഗാളിയായ അവൾക്ക് കേരളത്തിലെത്തുമ്പോൾ പതിനേഴ് വയസ്സാണ്. നാട്ടിൽ നിന്നും തൊഴിൽ തേടിയെത്തിയ കാമുകനെ കാണുന്നതിനാണ് അവൾ മൂത്ത സഹോദരിയുടെ ഭർത്താവുമൊത്ത് കേരളത്തിൽ വണ്ടിയിറങ്ങിയത്. പലസ്ഥലത്തും അലഞ്ഞ് അവർ രണ്ടുപേരും കണ്ണൂരിൽ എത്തിപ്പെട്ടു. അന്വേഷണം അവസാനിപ്പിച്ച് തിരിച്ചു പോകാൻ വേണ്ടിയാണ് തങ്ങൾക്കു മുന്നിൽ വന്നുനിന്ന് സഹായവാഗ്ദാനം നൽകിയ ലോറിയിൽ കയറിയത്. ലോറിയിൽ മൂന്ന് പേരുണ്ടായിരുന്നു. വിജനമായ സ്ഥലത്ത് വണ്ടി നിർത്തിയതും സഹോദരീ ഭർത്താവിന്റെ വായിൽ ബലമായി മദ്യം ഒഴിച്ചു കൊടുത്ത് കയർ എടുത്ത് കെട്ടിയതും വളരെ പെട്ടെന്നായിരുന്നു. അവർ മൂന്നുപേരും ലോറിയിലിട്ട് അവളെ ബലാത്സംഗം ചെയ്തു. മതിവന്നപ്പോൾ ഒരുവൻ ഫോൺ എടുത്ത് വണ്ടിയുടെ ഉടമസ്ഥനെ വിളിച്ചു വരുത്തി. വരുന്നയാൾ ചിലപ്പോൾ തന്റെ അവശത കണ്ട് മനസ്സലിഞ്ഞ് തന്നെ രക്ഷപ്പെടുത്തുമെന്ന് ആ കിടപ്പിലും അവൾ പ്രതീക്ഷിച്ചു. പക്ഷേ, ബൈക്ക് നിർത്തി വണ്ടിയിലേക്ക് കയറിവന്ന അയാളുടെ പരാക്രമങ്ങളും അവൾക്ക് സഹിക്കേണ്ടി വന്നു. അന്യഭാഷ സംസാരിക്കുന്ന പെൺകുട്ടിയെ ആ അവസ്ഥയിൽ ഉപേക്ഷിച്ചു പോകാൻ ദൈവത്തിന്റെ സ്വന്തം നാട്ടിലുള്ളവർക്ക് കഴിയില്ലല്ലോ. അവർ സ്വന്തം വാഹനങ്ങൾ സ്റ്റാർട്ട് ചെയ്യുന്നതിനു മുമ്പ് അവളുടെ മുഴുവൻ വസ്ത്രങ്ങളും ഉരിഞ്ഞെടുത്ത് അവളെ പരിപൂർണ്ണ നഗ്നയാക്കി.

2011 ഡിസംബർ 21 നാണ് കണ്ണൂരിലെ ഇരിട്ടിയിൽ ഇതു നടന്നത്. കണ്ണൂരിലും കോഴിക്കോട്ടുമുള്ള ആസ്പത്രിവാസം, മഹിളാ സംഘടനയുടേയും കാര്യവട്ടത്തെ മഹിളാ ശിക്ഷൺ കേന്ദ്രത്തിലേയും താമസം ഇതെല്ലാം കഴിഞ്ഞ് അവൾ 21 മാസങ്ങൾക്ക് ശേഷം, കഴിഞ്ഞ സെപ്തംബർ 26 ന് പശ്ചിമബംഗാളിലുള്ള മുർഷിദാബാദിലെ വീട്ടിലേക്ക് വണ്ടി കയറി. പോകുന്നതിനു മുൻപ് അവൾ ഈ നാട്ടിൽ സഹായിച്ചവർക്കെല്ലാം നന്ദി അറിയിക്കുകയും കേരളാ മുഖ്യമന്ത്രിയെ ചേംബറിൽ ചെന്നുകണ്ട് അദ്ദേഹത്തിന് ഒരു പൂച്ചെണ്ട് കൈമാറുകയും ചെയ്തു.

'പ്രണയപരവശേ, ശുഭം, നിന–
ക്കുണരുക, ഉണ്ടൊരു ദിക്കിൽ നിൻ പ്രിയൻ'

ഈ വരികളോടെയാണ് കുമാരനാശാന്റെ ലീല എന്ന കാവ്യം തുടങ്ങുന്നത്. ലീലയുടെ സഖിയായ മാധവിയാണ് ഇതു പറയുന്നത്. പ്രണയത്തിലകപ്പെട്ടവളെ, ഭാഷയിലെ മനോഹരമായ വാക്കുകൾ ഉപയോഗിച്ച് ഏ

⇨ *എന്തുകൊണ്ടാണ് നമ്മുടെ ആത്മീയ കേന്ദ്രങ്ങൾ ക്രിമിനലുകളെ പോലും നാണിപ്പിക്കുന്ന വിധം പെരുമാറുന്നത്?* ⇨

റ്റവും ആദരവോടെ സംബോധന ചെയ്ത ഒരു കവി ഈ മണ്ണിൽ ജീവിച്ചിരുന്നു എന്നു പറഞ്ഞാൽ ആ ബംഗാളി പെൺകുട്ടി വിശ്വസിക്കുമോ എന്തോ....

എന്തായാലും അവൾ സെപ്തംബർ 27 ന് തലേന്നു തന്നെ കേരളം വിട്ടു. സെപ്തംബർ 27ന് ആയിരുന്നുവല്ലോ മാതാ അമൃതാനന്ദമയിയുടെ അറുപതാം പിറന്നാൾ മഹാമഹം. അതിന്റെ പുകിലുകൾ പത്രങ്ങളിലും ചാനലുകളിലും കാണുന്നത് ഒഴിവാക്കാനായിരിക്കാം അവൾ ഒരു ദിവസം നേരത്തേ പുറപ്പെട്ടത്. അവൾ കേരളത്തിലുള്ളപ്പോഴാണ് സത്നാം സിംഗ് എന്ന ബീഹാറി ചെറുപ്പക്കാരന്റെ കൊലപാതകം നടക്കുന്നത്. അമൃതാനന്ദമയിയുടെ ആശ്രമത്തിൽ, മാനസിക നില തെറ്റിയ നിലയിൽ ബഹളം വെയ്ക്കുന്ന ആ ചെറുപ്പക്കാരനെ ചാനലുകൾ വാർത്തയിൽ വിസ്തരിച്ച് കാണിച്ചിരുന്നു. ഭക്തജനങ്ങളും ആശ്രമവാസികളും ചേർന്ന് അയാളെ കൈകാര്യം ചെയ്യുന്നത് എല്ലാവർക്കും ഒപ്പം അവളും കണ്ടതാണ്. രണ്ടു ദിവസം കഴിഞ്ഞു കാണുന്നത്, പോസ്റ്റ്മോർട്ടം ടേബിളിൽ കിടത്തിയിരിക്കുന്ന സത്നാംസിംഗിന്റെ ജഡത്തെ തിരിച്ചും മറിച്ചുമിട്ട് ടേപ്പ്കൊണ്ട് അളവെടുക്കുന്ന പോലീസുകാരുടെ ദൃശ്യമാണ്. ഒരു ആത്മീയ കേന്ദ്രത്തിൽ എത്തിപ്പെട്ട ചെറുപ്പക്കാരൻ മാനസികാസ്വാസ്ഥ്യം പ്രകടിപ്പിച്ചു എന്ന കാരണത്താൽ ജഡമായി മാറിയ ദാരുണദൃശ്യം ഉണ്ടാക്കിയ ആഘാതം അതുകണ്ടവർ മറക്കാനിടയില്ല. തന്നേക്കാൾ ആറു വയസ്സു മാത്രം പ്രായക്കൂടുതലുള്ള, തന്നെ പോലെത്തന്നെ അന്യസംസ്ഥാനത്തു നിന്നും വന്ന ഒരു ചെറുപ്പക്കാരന്റെ വിധി ആ പെൺകുട്ടിയിൽ ഭീതി പടർത്തിയിരിക്കാം. തെരുവിലെ ക്രിമിനലുകളുടെ കൈയിൽ അകപ്പെട്ടതു കൊണ്ട് അവൾക്ക് ജീവൻ തിരിച്ചുകിട്ടി. ഏതെങ്കിലും ആത്മീയ കേന്ദ്രത്തിലാണ് അവൾ എത്തിയിരുന്നതെങ്കിൽ അവൾക്ക് സ്വന്തം നാട് കാണാൻ കഴിയുമായിരുന്നോ?

എന്തുകൊണ്ടാണ് നമ്മുടെ ആത്മീയ കേന്ദ്രങ്ങൾ ക്രിമിനലുകളെ പോലും നാണിപ്പിക്കുന്ന വിധം പെരുമാറുന്നത്? ചാലക്കുടിക്കടുത്തുള്ള ഒരു ക്രിസ്ത്യൻ ധ്യാനകേന്ദ്രത്തിൽ നിരവധി അസ്വാഭാവിക മരണങ്ങളാണ് എഫ്.ഐ.ആർ ചെയ്യപ്പെട്ടിട്ടുള്ളത് എന്നു കേൾക്കുന്നു. ദശാബ്ദങ്ങൾ കഴിഞ്ഞിട്ടും സിസ്റ്റർ അഭയയുടെ ഘാതകരെ നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. ഒരു പെൺകുട്ടി പരാതിപ്പെടാൻ ധൈര്യം കാട്ടിയതു കൊണ്ടുമാത്രം യത്തീംഖാനകളിൽ നടക്കുന്ന അറബിക്കല്യാണത്തിന്റെ വിവരങ്ങൾ ഈയിടെ പുറം ലോകം അറിഞ്ഞു. നിയമത്തിന്റെ കരങ്ങൾ ഒരു ആശ്രമത്തിനകത്തേക്കും എത്തിപ്പെടുന്നില്ല. സ്പെഷൽ ഇക്കണോമിക് സോൺ പോലെയാണ് ഇവിടെ ആശ്രമങ്ങൾ പ്രവർത്തിക്കുന്നത്.

77 മുറിവുകളാണ് സത്നാം സിംഗിന്റെ ശരീരത്തിൽ ഉണ്ടായിരുന്നത്. ശിരസ്സിനു പിന്നിൽ മെഡുല്ലയിലും കഴുത്തിലുമുണ്ടായ മാരകമായ മുറിവുകളാണ് മരണകാരണമെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ പയുന്നു. സത്നാം സിംഗിന്റെ അച്ഛൻ ഹരീന്ദ്രകുമാർ സിംഗ് സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് നിവേദനം നൽകി. അവിടെനിന്നും ഒരു നീക്കവുമുണ്ടാകാതായപ്പോൾ ഗവർണർക്ക് നിവേദനം കൊടുത്തു. ഭരണകൂടം അനങ്ങാപ്പാറ നയം തുടരുന്നതിനാൽ സത്നാമിന്റെ ഇളയ സഹോദരൻ സെക്രട്ടേറിയറ്റിനു മുന്നിൽ രാപ്പകൽ സത്യഗ്രഹം അനുഷ്ഠിച്ചു. എന്നിട്ടും ഫലമില്ലാത്തതിനാൽ അവർ ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്.

ചെറുപ്പം മുതൽക്കുതന്നെ ആത്മീയമാർഗത്തോട് താല്പര്യം കാണിച്ചിരുന്ന മകനെപ്പറ്റി അച്ഛൻ ഹരീന്ദ്രകുമാർ സിംഗ് പറയുന്നത് കേൾക്കുക: "ഞങ്ങൾ ബീഹാറിലെ ഷർഗാട്ടി ഗ്രാമക്കാരാണ്. ഞങ്ങൾ പരമ്പരാഗത ബ്രാഹ്മണരും ജമീന്ദാരുമാണ്. വർഷങ്ങൾക്കു മുമ്പ് ഞങ്ങൾക്ക് രാഷ്ട്രീയമായ ബന്ധം ബി.ജെ.പിയോടായിരുന്നു. സത്നാമിന്റെ മുത്തച്ഛൻ കിഷോർ സിംഗ് ഷെർഗട്ടിയിൽ തകർന്നുപോയ ഒരു മുസ്ലീം പള്ളി പുനർനിർമ്മിച്ചു നൽകിയിട്ടുണ്ട്. ആറ് കൊല്ലം മുമ്പ് പണി തീർത്ത ഇതിനെ 'കിഷോറി മസ്ജിദ്' എന്നാണ് വിളിച്ചു പോരുന്നത്. സത്നാമിന്റെ സഹോദരൻ സത്വീർ സിംഗ് സിവിൽ എഞ്ചിനീയറാണ്. മറ്റു സഹോദരങ്ങളായ സുധാംശു ദീപ് സിംഗ് സി.എക്കും കിരൺദീപ് സിംഗ് മെക്കാനിക്കൽ എഞ്ചിനീയറിംഗിനും പഠിക്കുന്നു. മൂത്ത സഹോദരി മണ്ടാവി കൻവർ അമേരിക്കയിൽ മെക്കാനിക്കൽ എഞ്ചിനീയറായി ജോലി ചെയ്യുന്നു. സത്നാമിന് പ്ലസ്ടുവിന് ഫസ്റ്റ് ക്ലാസാണ്. ലഖ്നൗവിലെ രാം മനോഹർ ലോഹ്യ യൂണിവേഴ്സിറ്റിയിൽ നിയമപഠനത്തിനു ചേർന്നു. സത്നാമിന് ക്ലാസ്സെടുക്കേണ്ട ദിവസം അദ്ധ്യാപകർ നല്ല നിലയിൽ റഫർ ചെയ്തു വരുമായിരുന്നുവത്രെ. അന്നത്തെ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. ബൽരാജ് ചൗഹാൻ എന്നേയും ഭാര്യയേയും കോളേജിലേക്ക് വിളിപ്പിച്ചു. ഇത്രയും പ്രതിഭാശാലിയായ വിദ്യാർത്ഥിയുടെ അച്ഛനമ്മമാരെ ആദരിക്കുന്നതിന്റെ ഭാഗമായിരുന്നു ആ ക്ഷണം. വിസിയുടെ കൂടെയാണ് അന്ന് ഞങ്ങൾ താമസിച്ചത്.

ഈ സന്തോഷം അധികം നീണ്ടുനിന്നില്ല. ചെറിയ മാനസികാസ്വാസ്ഥ്യം പ്രകടിപ്പിക്കാൻ തുടങ്ങി അവൻ. ഇതിനിടയിൽ കവിതയെഴു

⇨ *അപ്പോഴാണറിയുന്നത് മാതാ അമൃതാനന്ദമയിയെ വധിക്കാൻ ശ്രമിച്ചതിനാണ് അവനെ പിടിച്ചതെന്ന്* ⇨



കരുനാഗപ്പിള്ളി പോലീസ് വിമൽകിഷോറിനോട് പറഞ്ഞത് ഇതാണ്. "ഉന്നത തലത്തിൽ നിന്ന് കനത്ത സമ്മർദ്ദമുള്ളതിനാൽ ("Under pressure from the top authorities") ഞങ്ങൾക്കൊന്നും ചെയ്യാനാകില്ല. കൊലക്കുറ്റത്തിന് കേസ്സെടുക്കാനാണ് ഉത്തരവ്". എവിടെനിന്നാണ് എന്റെ മകനെ വധിക്കാൻ പാകത്തിലുള്ള ഉന്നതതല സമ്മർദ്ദം എന്നത് ഇതുവരെയും വ്യക്തമായിട്ടില്ല

ത്തും ഉണ്ടായിരുന്നു. ക്ലാസിൽ പോകാതെ വീട്ടിൽ തന്നെ കുത്തിയിരുന്ന് വായനയും എഴുത്തുമൊക്കെയായി പിന്നീട്. ആയിടെ ഡോക്ടറെ കാണിച്ച് മാനസികാസ്വാസ്ഥ്യത്തിന് ചില ചികിത്സയും തുടങ്ങിയിരുന്നു. വായനാലോകം ആദ്ധ്യാത്മിക വഴിയിലേക്കും ദൈവികാന്വേഷണത്തിലേക്കും വഴി മാറാൻ തുടങ്ങിയിരുന്നു. ബോധ്ഗയയിൽ മാനസിക വൈകല്യമുള്ള കുട്ടികൾക്കായി സന്നദ്ധ സംഘടന നടത്തുന്ന സ്കൂളിൽ ക്ലാസ്സെടുക്കാൻ തുടങ്ങി. അവിടെ നിന്നും മറ്റുചില ആശ്രമങ്ങളിലേക്ക് നീങ്ങി. ബോധ്ഗയയിലെ ആശ്രമത്തിൽ നിന്ന് നേരെ ജാർഘണ്ഡിലെ സ്വാമി സച്ചിദാനന്ദ സരസ്വതികളുടെ റിഖി പീഠത്തിലേക്കും വാരാണസിയിലേക്കും കൽക്കത്തയിലേക്കുമൊക്കെ വ്യാപിച്ചു യാത്രകൾ. പാവങ്ങളുടെ ദുരിതവും ആത്മീയാന്വേഷണവുമായിരുന്നു അപ്പോൾ അവനെ അലട്ടിയിരുന്നത്. സച്ചിദാനന്ദ സരസ്വതിക്ക് അവനെ നന്നായി ബോധിച്ചു. അതിന്റെ സന്തോഷം പങ്കുവെയ്ക്കാനായി മുമ്പ് യൂണിവേഴ്സിറ്റി വിസി കാണിച്ചതു പോലെ എന്നേയും ഭാര്യയേയും സ്വാമികളും ആശ്രമത്തിലേക്ക് ക്ഷണിച്ചു. അവിടെ ചെന്ന് അദ്ദേഹവുമായി സംസാരിച്ചപ്പോൾ നിങ്ങൾ മാതാപിതാക്കൾ പുണ്യം ചെയ്തവരാണെന്നും മകന്റെ ആത്മീയാന്വേഷണയാത്രക്ക് വിഘ്നം വരുത്തരുതെന്നും ഞങ്ങളെ ഉപദേശിച്ചു. രണ്ടു കൊല്ലത്തോളം ഇങ്ങനെ യാത്ര തുടർന്നു, ഒപ്പം വായനയും. സോഷ്യൽ സൈറ്റായ ഫേസ്ബുക്കിലും സജീവമായിരുന്നു. ചികിത്സയും കൃത്യമായി നടന്നിരുന്നു. അവനെ കാണാതായ ദിവസം അവന്റെ കമ്പ്യൂട്ടർ തുറന്നപ്പോൾ ഫേസ്ബുക്കിലൊന്നും അവന്റെ യാതൊരു വിവരവും ഇല്ലായിരുന്നു. അവന്റെ പ്രൊഫൈൽ അടക്കം എല്ലാം ഡിലീറ്റ് ചെയ്തതിനു ശേഷമാണ് പോയത്. എ.ടി.എം കാർഡും അവന്റെ മുറിയിൽ മേശപ്പുറത്തുണ്ടായിരുന്നു. വസ്ത്രമൊന്നുമെടുത്തിരുന്നില്ല. പിറ്റേന്ന് പോലീസിൽ പരാതി നൽകുകയും പത്രത്തിൽ പരസ്യം നൽകുകയും ചെയ്തു. ആ കാലയളവിൽ അവന്റെ മുറിയിൽ കയറിയതാണ് അവന്റെ അമ്മ. പിന്നീട് ഇതുവരെ ആ മുറി വിട്ടിറങ്ങിയിട്ടില്ല.

അങ്ങനെയിരിക്കെ നാല് മാസത്തിനു ശേഷം കേരളത്തിൽ നിന്ന് പോലീസ് വിളിക്കുന്നു. 'നിങ്ങളുടെ മകൻ സത്നാം ഞങ്ങളുടെ കസ്റ്റഡിയിലുണ്ട്' എന്നായിരുന്നു സംസാരം. അതിയായ സന്തോഷം തോന്നി. അപ്പോഴാണറിയുന്നത് മാതാ അമൃതാനന്ദമയിയെ വധിക്കാൻ ശ്രമിച്ചതിനാണ് അവനെ പിടിച്ചതെന്ന്. എന്റെ മകൻ അങ്ങനെ ചെയ്യില്ലെന്നും അവന് മാനസികമായി ചെറിയ പ്രശ്നമുണ്ടെന്നും നിരന്തരം പറഞ്ഞു നോക്കിയെങ്കിലും കരുനാഗപ്പിള്ളി പോലീസ് ഫോൺ കട്ടു ചെയ്തു. ഉടൻ ദില്ലിയിലെ 'ആജ് തക്' പത്രത്തിൽ ജോലി ചെയ്യുന്ന സഹോദരപുത്രൻ വിമൽകിഷോറിനെ ഫോണിൽ വിളിച്ചു. അന്നുതന്നെ അവൻ കേരളത്തിലേക്ക് പുറപ്പെട്ടു. അവൻ ചെല്ലുമ്പോൾ കരുനാഗപ്പിള്ളി പോലീസ് സ്റ്റേഷനിൽ ലോക്കപ്പിലുണ്ടായിരുന്നു, മുടിയും താടിയും വെട്ടാത്ത സത്നാം.

ഇവനെ ജാമ്യത്തിൽ വിടണമെന്നും രോഗിയാണെന്നും (Schizophrenia) രേഖകൾ കാണിച്ചുകൊണ്ട് വിമൽകിഷോർ പോലീസിനോടു പറഞ്ഞുനോക്കി. അതും പോരാഞ്ഞ് ബീഹാർ പോലീസിനെ ഫോണിൽ കണക്ട് ചെയ്തു കൊടുത്തു. അവർ പറഞ്ഞിട്ടും ഒന്നും ചെയ്യാനാകില്ലെന്ന് പോലീസ് പറഞ്ഞു. അവനെ ഉടൻ ആസ്പത്രിയിലേക്ക് മാറ്റണമെന്ന് അഭ്യർത്ഥിച്ചെങ്കിലും സ്വല്പം ക്ഷുഭിതരായി കരുനാഗപ്പിള്ളി പോലീസ് വിമൽകിഷോറിനോട് പറഞ്ഞത് ഇതാണ്. "ഉന്നത തലത്തിൽ നിന്ന് കനത്ത സമ്മർദ്ദമുള്ളതിനാൽ ("Under

pressure from the top authorities") ഞങ്ങൾക്കൊന്നും ചെയ്യാനാകില്ല. കൊലക്കുറ്റത്തിന് കേസ്സെടുക്കാനാണ് ഉത്തരവ്". എവിടെനിന്നാണ് എന്റെ മകനെ വധിക്കാൻ പാകത്തിലുള്ള ഉന്നതതല സമ്മർദ്ദം എന്നത് ഇതുവരെയും വ്യക്തമായിട്ടില്ല. അത് തീർച്ചയായും തെളിയിക്കപ്പെടേണ്ടതുണ്ട്.

കുറേ നാളായി മരുന്നൊന്നും കഴിക്കാത്തതിനാൽ അവൻ കടുത്ത മാനസികാസ്വാസ്ഥ്യത്തിലായിരിക്കാം. അതൊന്നും മനസ്സിലാക്കാത്തവരാണോ ഒരു ആത്മീയ കേന്ദ്രമെന്നു പറയുന്ന സ്ഥലത്തു നിൽക്കുന്നവർ? അമൃതാനന്ദമയിയെക്കുറിച്ച് ഞങ്ങൾ കേട്ടിട്ടുണ്ട്. ഞങ്ങളും ഹിന്ദുമതവിശ്വാസികളാണ്. ഷിർദ്ദിസായിയുടെ ആരാധകരാണ്. അമൃതാനന്ദമയി ഇവിടുത്തെ രാഷ്ട്രീയ അധികാരമേഖലയുമായി നല്ല ബന്ധമുള്ളവരും അവരെയെല്ലാം സ്വാധീനിക്കാൻ കഴിവുള്ളവരുമാണെന്നും അറിയാം. വള്ളിക്കാവിലെ ആശ്രമത്തിൽ വെച്ച് ആത്മീയാന്വേഷിയായ ഒരു യുവാവിനെ മർദ്ദിച്ചതിനെത്തുടർന്ന് എന്ത് നീതിയാണ് അവനോടും കുടുംബത്തോടും കാട്ടിയത്?

വർഷങ്ങൾക്കു മുൻപ്, അടിയന്തിരാവസ്ഥാപീഠനത്തിൽ കൊല്ലപ്പെട്ട രാജന്റെ അച്ഛൻ ഈച്ചരവാര്യർ നടത്തിയ നിയമ പോരാട്ടത്തെക്കുറിച്ച് കേരളത്തിലുള്ളവർ എന്നോടു പറഞ്ഞു തന്നു. അദ്ദേഹത്തിന്റേതായി പുറത്തിറങ്ങിയ പുസ്തകത്തെക്കുറിച്ചും അറിഞ്ഞു. (ഒരച്ഛന്റെ ഓർമ്മക്കുറിപ്പുകൾ) അതിൽ നമ്മുടെ അമ്മയെപ്പോലെ ഒരു സ്ത്രീയുണ്ടെന്ന് എന്റെ മകൻ വായിച്ചിട്ടു പറഞ്ഞുതന്നു. 'People used to ask me whether my wife became mentally ill after Rajan's tragedy....' മകന്റെ വിയോഗ വാർത്തയറിഞ്ഞ് അവന്റെ മുറിയിൽ ചടഞ്ഞിരിക്കുന്ന എന്റെ ഭാര്യയുടെ അതേ നിലവിളി ഇതിലുമുണ്ടല്ലൊ....പുസ്തകത്തിലെ അവസാന അദ്ധ്യായത്തിലെ അവസാന വരികൾ അവനെനിക്ക് പറഞ്ഞു തന്നപ്പോൾ ഞാനത് ശരിക്കും അനുഭവിച്ചു. "I still have no answer to the question of whether or not, feel range . But I have a question to the world; why are you making my innocent child stand in the rain even after his death? (പകയുണ്ടോ എന്ന ചോദ്യത്തിന് ഇപ്പോഴും എനിക്കുത്തരമില്ല. പക്ഷേ, ലോകത്തിനോട് ഒരു ചോദ്യം ഞാനിപ്പോഴും ബാക്കിയാക്കുന്നു. എന്റെ നിഷ്കളങ്കനായ കുഞ്ഞിനെ മരിച്ചിട്ടും നിങ്ങളെന്തിനാണ് മഴയത്ത് നിർത്തിയിരിക്കുന്നത്?)."

*(ഹരീന്ദ്രകുമാർ നിംഗുമായി പി.എം. ജയൻ നടത്തിയ ദീർഘമായ അഭിമുഖത്തിൽ നിന്നും എടുത്തെഴുതിയത്. ചന്ദ്രിക ആഴ്ചപ്പതിപ്പ്, മാർച്ച് 29/13)*

അമൃതപുരിയിൽ എത്തുന്നതിനു മുൻപ് കുറേ ദിവസം സത്നാംസിംഗ് വർക്കല നാരായണ ഗുരുകുലത്തിൽ ഉണ്ടായിരുന്നു. അയാളുടെ വായനയിലുള്ള താല്പര്യം കണ്ട് ലൈബ്രറിക്കടുത്തുള്ള മുറി തന്നെ അനുവദിച്ചു കൊടുത്തു ആശ്രമാധികൃതർ. നടരാജഗുരുവിന്റെ പുസ്തകങ്ങളായിരുന്നു വായിച്ചിരുന്നത്, വായനയിൽ മുഴുകിയതുകൊണ്ട് പ്രാർത്ഥനാവേളകളിലൊന്നും സത്നാം പങ്കെടുക്കില്ലായിരുന്നു. 'Varkala conference on Metaphysics and politics' എന്ന വിഷയത്തിൽ ടാജ് ഹോട്ടലിൽ നടന്ന മൂന്ന് ദിവസത്തെ സെമിനാറിലും അയാൾ പങ്കെടുത്തു. ആ സെമിനാറിൽ പങ്കെടുത്ത് നല്ല ചോദ്യങ്ങൾ ചോദിച്ചിരുന്ന, ആത്മീയാന്വേഷണത്തിന്റെ സ്വഭാവം നല്ല നിലയിലുണ്ടായിരുന്ന ആ ചെറുപ്പക്കാരൻ കാലപുരിയിൽ എത്തിയതിന്റെ മാനസികാഘാതത്തിലാണ് നാരായണഗുരുകുലത്തിന്റെ സാരഥി മുനി നാരായണ പ്രസാദ്.

കുലച്ച അമ്പുമായി മാനിനു പുറകെയെത്തിയ ദുഷ്യന്ത മഹാരാജാവിനോട് കണ്വാശ്രമത്തിലെ അന്തേവാസികൾ, 'രാജൻ, ആശ്രമമൃഗോയം. ന ഹന്തവ്യോ, ന ഹന്തവ്യ' (രാജാവേ, ആശ്രമമൃഗമാണിത് കൊല്ലരുതേ, കൊല്ലരുതേ) എന്ന് വിളിച്ചു പറഞ്ഞ് മൃഗഹത്യ തടയുന്നത് കാളിദാസന്റെ അഭിജ്ഞാന ശാകുന്തളത്തിലെ ഒന്നാമങ്കത്തിൽ വായിക്കാം. അങ്ങനെയും ആശ്രമങ്ങളുണ്ട്. ആശ്രമത്തിലെത്തിയ ഒരു ചെറുപ്പക്കാരനെ വലിച്ചിഴച്ചു കൊണ്ടുപോയി പോലീസിലേല്പ്പിക്കുമ്പോൾ അവിടുത്തെ ഒരു സാധകനു പോലും 'കൊല്ലരുതേ' എന്ന് പറയാൻ തോന്നിയില്ല.

മഠത്തിൽ ഭജന പാടുമ്പോൾ അമൃതാനന്ദമയി കാണിക്കുന്ന ചേഷ്ടകളോളം വരുന്നതായിരുന്നില്ല സത്നാമിന്റേത്. ബഹളത്തോടുകൂടി ആശ്രമത്തിലേക്ക് കടന്നുവന്ന്, തലങ്ങും വിലങ്ങും ഓടിനടന്ന്, അവസാനം ഒരു മരത്തിന്റെ കൊമ്പിൽ കയറിയിരുന്ന് തെറിവളിച്ചു പറയുന്ന ഒരു പ്രൊഫസറെക്കുറിച്ച് ഓഷോ തന്റെ പുസ്തകത്തിൽ പറയുന്നുണ്ട്. പ്രൊഫസറെ തടയാൻ ചെന്ന അനുയായികളെ വിലക്കിക്കൊണ്ട് ഓഷോ പറഞ്ഞു: 'തടയരുത്, ഇതും ഒരുതരം ധ്യാനമാണ്'.

കന്യാകുമാരിയിൽ വെച്ച് പ്രക്ഷുബ്ധമായ കടലിലേക്ക് എടുത്തുചാടി കിലോമീറ്ററുകൾ അകലെയുള്ള പാറ ലക്ഷ്യമാക്കി വിവേകാനന്ദൻ നീന്തിയത് ഇതിലും വലിയ ഭ്രാന്തായിരുന്നില്ലേ? അദ്ദേഹം ഭ്രാന്ത് കാണിച്ചു എന്നു മാത്രമല്ല, കേരളത്തെ നോക്കി ഭ്രാന്താലയം എന്ന് വിളിക്കുകയും ചെയ്തു. ശ്രീകോവിലിൽ കണ്ണാടിയെടുത്തു പ്രതിഷ്ഠിച്ച മറ്റൊരു ഭ്രാന്തനാണ് കേരളത്തിൽ നവോത്ഥാനം സാദ്ധ്യമാക്കിയത്.

അമ്പുകൊള്ളാത്തവരില്ല കുരുക്കളിൽ എന്നു പറഞ്ഞതുപോലെ രാജ്യത്ത് ആശ്ലേഷത്തിൽ അമരാത്ത ഒരധികാരിയുമില്ലാത്ത അവസ്ഥയിൽ മകന്റെ മരണത്തിന് നീതിതേടിയുള്ള ഹരീന്ദ്രകുമാർ സിംഗിന്റെ അന്വേഷണം എവിടെയെത്തുമെന്ന് കണ്ടറിയണം. ബംഗാളിലെ മൂർഷാബാദ് ഗ്രാമത്തിൽ നിന്നും പ്രണയ പരവശയായി ദൈവത്തിന്റെ സ്വന്തം നാട്ടിലെത്തിയ പെൺകുട്ടിക്ക് കൊടിയ ദുരന്തം ഏറ്റുവാങ്ങിയിട്ടാണെങ്കിലും സ്വന്തം ജീവനും കൊണ്ട് നാട്ടിലേക്കു മടങ്ങാൻ കഴിഞ്ഞു. ബീഹാറിലെ ഷർഗാട്ടി ഗ്രാമത്തിൽ നിന്നും ആത്മീയ ദാഹവുമായി 'ദൈവസന്നിധി'യിലെത്തിയ ഇരുപത്തിമൂന്നുകാരൻ പക്ഷേ പരമാത്മാവിൽ ലയിച്ചു ചേർന്നു.



അനീതി കണ്ടാൽ എതിർക്കുന്ന സ്വഭാവക്കാരനായിരുന്നു സത്നാംസിംഗ് എന്ന് അയാളുടെ അച്ഛൻ പറയുന്നു. അധികാരമോഹവും പണക്കൊതിയും ബാധിച്ച പലവിധ താത്പര്യങ്ങളുള്ള ഒരു കൂട്ടം പിണിയാളുകൾ ഒരു സാധുസ്ത്രീയെ, പാവയെപ്പോലെ കൊണ്ടുനടക്കുന്നത് കണ്ടിട്ടുണ്ടായ പുത്രനിർവിശേഷമായ സ്നേഹം കൊണ്ടാകില്ലേ സത്നാമിന്റെ സമനില തകർന്നത്? ആക്രമിക്കാനാണ് വരുന്നതെന്ന് തെറ്റിധരിപ്പിച്ചതും അവരാകില്ലേ? പ്രാർത്ഥനാമന്ത്രവും ചൊല്ലി തനിക്കു നേരെ വരുന്ന നിരായുധനായ ചെറുപ്പക്കാരൻ തന്നെക്കൊല്ലാനാണ് വരുന്നതെന്ന് കരുതി ഭയന്ന്, സിൽബന്തികളെക്കൊണ്ട് കൈകാര്യം ചെയ്ത് പോലീസിന്റെ കൈകളിലേക്കേൽപ്പിക്കുന്നത് മനുഷ്യോചിതം പോലുമല്ലെന്നിരിക്കെ, എങ്ങനെയാണ് ദൈവോചിതമാവുക? സ്വന്തം ജീവൻ പോകുന്ന കാര്യത്തിലേ ഭയമുള്ളൂ. ഗുജറാത്തിൽ മുഖ്യമന്ത്രി സ്ഥാനത്തിരുന്നുകൊണ്ട്, അതിന്റെ എല്ലാ സന്നാഹങ്ങളും ഉപയോഗിച്ച്, ഒരു മതവിഭാഗത്തിൽപ്പെട്ട ആളുകളെ തിരഞ്ഞുപിടിച്ച് കൂട്ടക്കുരുതി നടത്തിയ നരേന്ദ്ര മോഡിയെപ്പോലെയുള്ള ഒരു നരാധമനെ തന്റെ 60-ാം പിറന്നാൾ ആഘോഷത്തിന്റെ മുഖ്യാതിഥിയായി കെട്ടിയെഴുന്നള്ളിക്കാൻ ഒരു മനഃസ്താപവുമില്ല.

ശ്രീലങ്കയിലെ സുനാമിയിൽ പെട്ടവർക്ക്, ലത്തൂരിലെ ഭൂകമ്പത്തിൽ പെട്ടവർക്ക്, ഉത്തരാഘണ്ഡിലെ മലയിടിച്ചിലിൽ പെട്ടവർക്ക് കോടികൾ സഹായം ചെയ്യുന്നത് താരതമ്യേന എളുപ്പമാണ്. ആവശ്യത്തിലധികം പണം കൈയിലുള്ള മഠത്തിന് അമേരിക്കയിൽ ട്രഷറി പൂട്ടിയാലുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കാൻ ഒബാമയെ പോലും സഹായിക്കാനായേക്കും. ആത്മീയാന്വേഷണത്തിന് ഇറങ്ങിത്തിരിച്ച മകന്റെ ചേതനയറ്റ ശരീരം ഏറ്റുവാങ്ങേണ്ടിവന്ന ഒരമ്മ, അവൻ കിടന്ന മുറിയിൽ നിന്ന് തന്റെ മരണം വരെ ഇറങ്ങില്ലെന്ന് ശഠിക്കുന്നു. ആത്മീയത വിറ്റുണ്ടാക്കിയ കോടികൾക്ക് സത്നാമിന്റെ അമ്മയുടെ ഭൗതിക ദുഃഖം പരിഹരിക്കാനാകുമോ? ബീഹാറിലെ ഷർഗാട്ടി ഗ്രാമത്തിലേക്കു ചെല്ലൂ... അവർക്ക് വീടു കെട്ടി കൊടുക്കേണ്ട, കോടികളുടെ സഹായവും ആശ്ലേഷവും വേണ്ട. നേരിട്ട് ചെല്ലാൻ ബുദ്ധിമുട്ടാണെങ്കിൽ പാദം കഴുകിത്തരുന്ന ഏതെങ്കിലും ഒരു പൂർണ്ണകുമ്പാനന്ദനെ പ്രതിനിധിയായി അയക്കൂ. മാനം മുട്ടെ വളർന്നു കഴിഞ്ഞ നിങ്ങൾക്ക് ക്ഷമാപണം നടത്താൻ ഈഗോ സമ്മതിക്കുന്നില്ലെങ്കിൽ, ആ അമ്മയോട് ഒരു സമാധാനവാക്കെങ്കിലും പറയൂ. അങ്ങനെയെങ്കിലും പേരിനൊപ്പം സദാകൊണ്ടുനടക്കുന്ന മാതൃശബ്ദത്തിന് ഒരു ന്യായീകരണം കിട്ടട്ടെ.

നൂറ്റാണ്ടുകൾക്കുമുൻപ്, കേരളത്തിന്റെ മുതലവായിൽ നിന്നും രക്ഷപ്പെട്ട്, ഒരു യുവയോഗി ആത്മീയാന്വേഷണത്തിനായി പുറപ്പെട്ടു പോയി. അദ്ദേഹത്തെ മറ്റു സംസ്ഥാനങ്ങൾ രണ്ടുകൈയും നീട്ടി സ്വീകരിച്ചു. ഇന്ത്യ മുഴുവൻ, തലങ്ങും വിലങ്ങും പല തവണ കാൽനടയായി സഞ്ചരിച്ച്, ആശ്രമങ്ങളായ ആശ്രമങ്ങളിലെല്ലാം കയറിയിറങ്ങി, തർക്കവിതർക്കങ്ങളിൽ ഏർപ്പെട്ട്, ഉപനിഷത്തുകൾക്കും പ്രാമാണികഗ്രന്ഥങ്ങൾക്കും ഭാഷ്യം ചമച്ച്, കിഴക്ക് പുരിയിലും പടിഞ്ഞാറ് ദ്വാരകയിലും വടക്ക് ബദരിയിലും തെക്ക് ശൃംഗേരിയിലും ആശ്രമങ്ങൾ സ്ഥാപിച്ച്, സർവ്വജ്ഞപീഠം കയറിയ ശ്രീശങ്കരൻ എന്ന സന്യാസിയെ തച്ചുകൊല്ലാതിരുന്നതിന് ആ സംസ്ഥാനങ്ങളോട് ഒരു നന്ദിയെങ്കിലും പറയുക.

**വാൽക്കഷ്ണം**

കുട്ടികൾക്ക് ആധുനിക വിദ്യാഭ്യാസം നൽകുന്നതോടൊപ്പം സംസ്കാരം കൂടി നൽകുവാൻ നമ്മൾ മുതിർന്നില്ലെങ്കിൽ, രാമനു പകരം രാവണനെയായിരിക്കും നമ്മൾ വളർത്തി കൊണ്ടുവരുന്നത്. - അമൃതാനന്ദമയി ■